# പതിനാലാം കേരള നിയമസഭ
## (പതിനാറാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:5009 14.11.2019-ൽ മറുപടിയ്ക്ക്**

**ഉൾനാടൻ മത്സ്യകൃഷി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. സ്വരാജ്<br>,, സി. കെ. ശശീന്ദ്രൻ<br>,, എം. നൗഷാദ്<br>,, ഐ.ബി. സതീഷ് | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചെറുതും വലുതുമായ കുളങ്ങളിലും പാടശേഖരങ്ങളിലും മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ; | എ) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ജനകീയ മത്സ്യകൃഷിയിൽ ഉൾപ്പെടുത്തിയും ബ്ലൂ റവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയും ചെറുതും വലുതുമായ കുളങ്ങളിലും പാടശേഖരങ്ങളിലും മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ബി) സംസ്ഥാനത്ത് മത്സ്യകൃഷി വർദ്ധിപ്പിക്കുന്നതിനാവശ്യമായ മത്സ്യക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത് എന്ന് അറിയിക്കാമോ; | ബി) മത്സ്യവിത്തുല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി നിലവിലുള്ള ഫിഷ് സീഡ് ഫാമുകൾ/ഹാച്ചറികൾ നവീകരിക്കുന്നതിനും, പുതിയ ഹാച്ചറികൾ നിർമ്മിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഗുണ മേന്മയുള്ള നല്ലയിനം മത്സ്യവിത്തുകളുടെ ലഭ്യത ഉറപ്പാക്കുന്നതിനായി 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തി ഉൾനാടൻ മത്സ്യ മേഖലയുടെ വികസനത്തിൽ ഉൾപ്പെടുത്തി പുതിയ മത്സ്യവിത്തു ഫാമുകൾ, ഹാച്ചറികൾ, നേഴ്സറികൾ എന്നിവയുടെ പൂർത്തീകരണം, നിലവിലുള്ള ഫിഷ് സീഡ് ഫാമുകളുടെ/ ഹാച്ചറികളുടെ വികസനം, നടത്തിപ്പ്, സംരക്ഷണം നിലവിലുള്ള സർക്കാർ ഫാമുകളിൽ അധികം മത്സ്യവിത്തുല്പാദന യൂണിറ്റുകളുടെ നിർമ്മാണം എന്നിവയ്ക്കായി 1800 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ആയതനുസരിച്ച് മത്സ്യവിത്തുല്പാദന പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. നടപ്പു സാമ്പത്തികവർഷം വിവിധ സീഡ് ഫാമുകൾ/ ഹാച്ചറികളിലായി 977.28 ലക്ഷം മത്സ്യ കുഞ്ഞുങ്ങളെ ഉൽപാദിപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

| | |
|---|---|
| സി) ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പുതിയ ഉൾനാടൻ മത്സ്യഭവനുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | സി) മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി പുതിയ ഉൾനാടൻ മത്സ്യഭവനുകൾ സ്ഥാപിക്കുവാൻ നടപടി, സ്വീകരിച്ചിട്ടുണ്ട്. ഉൾനാടൻ മത്സ്യോല്പാദനത്തിനും മത്സ്യ ഉദ്യാനകൃഷി വികസിപ്പിക്കുന്നതിനും ഉൾനാടൻ മത്സ്യബന്ധന വിഭവങ്ങൾ കൈകാര്യം ചെയ്യുന്നതിനുമായി ഒന്നാം ഘട്ടമെന്ന നിലയിൽ 16 ഉൾനാടൻ മത്സ്യഭവനുകൾ പുതുതായി ആരംഭിക്കുകയും പ്രസ്തുത മത്സ്യഭവനുകളിൽ 16 ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ മാരുടെയും 16 ഫിഷറീസ് സബ് ഇൻസ്പെക്ടർ മാരുടെയും തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ആഫീസർ**